# തണൽ

# THANAL 2017

...a souvenir from 'the panels uae'



THE PANELS UAE



# ഓർമ്മമരം

ശിവദാസൻ.എ.കെ

വെള്ള ഖദർ ഷർട്ടും മുണ്ടും ധരിച്ച് പുറത്തേക്ക് കടന്നപ്പോൾ , മുറ്റത്തേക്ക് നീണ്ടു നിന്ന ചെമ്പൻ തെങ്ങിന്റെ നിഴൽ നിലത്ത് വീണ് കുറുകാൻ തുടങ്ങിയിരുന്നു.

സുമതിയുടെ കണ്ണു വെട്ടിച്ചിറങ്ങാൻ ഇത്ര നേരം പണിപ്പെടേണ്ടി വന്നു.

ഓർമ്മകൾ അവൾക്ക് നഷ്ടപ്പെട്ടു തുടങ്ങിയിട്ട് കുറച്ചായല്ലോ.

തനിക്ക് വയ്യെന്നും പുറത്ത് പോകരുതെന്നുമാണ് വെപ്പ്.

അതിന് പല പണികളാണ്. ചിലപ്പോൾ ഒന്നുമറിയാത്തപോലെ പുറത്ത് നിന്ന് മുറി പൂട്ടി അങ്ങ് നടന്നു കളയും.

ചിലപ്പോൾ അലക്കിത്തേച്ചു വച്ച മുണ്ടും ഷർട്ടും എടുത്തൊളിച്ചു വയ്ക്കും. എന്തു കാണിച്ചാലും തനിക്കവളോട് ദേഷ്യപ്പെടാൻ വയ്യല്ലോ.

അവൾക്ക് വയ്യാഞ്ഞിട്ടാണ്.

ഒരു ജീവിതം മുഴുവൻ അവൾ സഹിച്ചതാണ്. തിരക്കു പിടിച്ച ഒരു രാഷ്ട്രീയക്കാരന്റെ ഭാര്യയായിരിക്കുന്നതിന്റെ വേവ്. ഒരഴിമതിയും പുരളാതെ മുണ്ടുമുറുക്കി നടന്ന ജനനേതാവിനൊപ്പം ജീവിച്ചതിന്റെ വറവ്.

ഇതൊന്നും നാട്ടുകാരോട് പറയാൻ പറ്റുമോ.

അവർക്കെന്തിനും കുമാരൻ മാഷ് വേണം.

ആൾക്കൂട്ടത്തിനെ എന്തെങ്കിലും പറഞ്ഞിളക്കണമെങ്കിൽ. എന്തെങ്കിലുമല്ല. വേണ്ടതു വേണ്ട പോലെ. അതിൽ തനിക്കൽപ്പം സ്വകാര്യ അഹങ്കാരവുമില്ലേ.

ഇലക്ഷൻ കാലത്ത് കുമാരൻ മാഷ് പ്രസംഗിക്കാനിറങ്ങിയാൽ എതിർ പാർട്ടിക്കാർക്ക് ഉള്ളിൽ പരിഭ്രമമാണ്.

മാഷു പ്രസംഗിച്ചാൽ സംശയം വേണ്ട ഒരുപത്തോട്ടെങ്കിലും അവിടെ മറിയും. പാർട്ടിക്കാർ അങ്ങനെയേ പറയൂ.

വഴിയോരം ചേർന്നു നടക്കവെ ചിരി വന്നു. വയസ്സായാലും നാട്ടുകാര് വെറുതേ വിടില്ലല്ലോ.

ഇന്ന് തന്നെ ഏഴ് മീറ്റിംഗുണ്ട്. ചെല്ലാൻ താനൊരാളും.

ടൗൺഹാളിന്റെ വജ്രജൂബിലായാഘോഷം നടക്കുന്നു. താനാണ് മുഖ്യാതിഥി.

അങ്ങനെ തന്നെയല്ലേ നടക്കേണ്ടത്.

മുൻസിപ്പൽ ചെയർമാനായിരുന്ന കാലം. എതിർപാർട്ടിയാണ് സംസ്ഥാനം ഭരിക്കുന്നത്. എങ്കിലും മുഖ്യമന്ത്രി നഗരത്തിലെത്തിയപ്പോഴാണ് . പി.ഡബ്ല്യു ഗസ്റ്റ് ഹൗസിൽ പോയി അദ്ദേഹത്തെ കണ്ടു.

നഗരത്തിന്റെ ഒത്ത നടുക്കുള്ള റവന്യൂ ഭൂമിയിൽ നിന്ന് കുറച്ചു കിട്ടിയാൽ ഒരു ടൗൺഹാളു പണിയാം.

സംഗതി നടന്നു.

പ്രതിപക്ഷക്കാർ അടക്കം പറഞ്ഞു.

പോയത് കുമാരൻ മാഷല്ലേ. നടത്താണ്ട് പോര്വോ.

എന്തായാലും പുതുതലമുറ അതൊക്കെയോർത്തത് നന്നായി.

ഒരു ഒഴിവു ദിവസത്തിന്റെ വിരസതയുമായി റോഡ് നീണ്ടു കിടക്കുന്നു.

ഈയിടെയായി പരിചയമുള്ള വണ്ടിക്കാരെ കാണുന്നത് കുറവാണ്. സാധാരണ നടക്കാൻ സമ്മതിക്കില്ല നാട്ടുകാർ.

കേറ് മാഷെ ഞങ്ങള് കൊണ്ടാക്കാം.

എന്തോ ഒരു ഓട്ടോറിക്ഷയും കൈ കാണിച്ചിട്ട് നിർത്തിയുമില്ല.

ടൗൺഹാളിന്റെ പടികൾ കയറുമ്പോൾ വിയർത്തിരുന്നു.

സംഘാടകരാരും പുറത്തില്ല. അകത്ത് പ്രസംഗം കേൾക്കുന്നു.

എന്തേ മുഖ്യാതിഥിക്കുവേണ്ടി കാത്തില്ല. എങ്ങനെ കാക്കും. സമയം വൈകിയില്ലേ.

അതോ കാലത്ത് വിളിച്ച് വൈകുമെങ്കിൽ തുടങ്ങട്ടെ എന്ന് ആരെങ്കിലും ചോദിച്ചിരുന്നോ എന്തോ. കാണുമായിരിക്കും. ആരോർക്കാനാണ്. എന്തു മാത്രം പരിപാടികളാണ്.

ടൗൺഹാളിനു പുറത്ത് പടർന്നുപോയ ഇലഞ്ഞിച്ചുവട്ടിൽ അല്പം നിന്നു. പൂമണമുള്ള തണുത്ത കാറ്റ് തഴുകി കടന്നുപോയി.

താൻ ചെയർമാനായിരുന്നപ്പോൾ നട്ട മരമാണ് . അതിന്റെ നന്ദി കാട്ടുകയാണോ.

ഹാളിൽ നിറയെ ആളുകളാണ്. ആരാണ് പ്രസംഗിക്കുന്നത്. വേദിയിലേക്ക് വേഗം കയറി മുൻനിരയിലെ ഒഴിഞ്ഞ കസാരയിലിരുന്നു.

ഇതെന്താണ് വേദിയിലൊരങ്കലാപ്പ്. കുമാരൻ മാഷ് വരുമ്പോൾ ഇതല്ലല്ലോ പതിവ്.

ആരൊക്കെയോ തുറിച്ചു നോക്കുന്നു.

ടൗൺ ഹാളിന്റെ വജ്രജൂബിലി ആഘോഷമല്ലേ. താനല്ലേ മുഖ്യാതിഥി.

ഒരു ചെറുപ്പക്കാരൻ തോളിൽ കൈ വെച്ച് സൗമ്യമായി പറയുന്നു.

ചേട്ടാ വരൂ

ചേട്ടനോ, കുമാരൻ മാഷെന്നല്ലേ എല്ലാവരും വിളിക്കാറ്.

അയാളുടെ പിടി മുറുകുന്നു.

എഴുന്നേൽക്കാം.

ആളുകൾ നോക്കി നിൽക്കുന്നു.

ആരുടേയോ ചോദ്യം.

കാർന്നോർക്കെന്തു പറ്റി?

ഓ, പഴയ ആളാണ്. ഇപ്പോൾ നല്ല ഓർമ്മയില്ല.

ആർക്ക് ഓർമ്മയില്ലെന്നാണ് .ചെറുപ്പക്കാരനൊപ്പം പുറത്തേക്ക് നടക്കവെ ചോദിച്ചു.

എന്നെ മനസ്സിലായില്ലേ. ഞാനാ കുമാരൻ മാഷ്.

അയാൾ മന്ദഹസിച്ചതേയുള്ളൂ.

ടൗൺഹാളിന്റെ വജ്രജൂബിലി ആഘോഷമല്ലേ.

അതൊന്നും ഇന്നല്ലല്ലോ ചേട്ടാ.

അയാൾ മെല്ലെ കടന്നു പോയി.

പുറത്ത് വീണ്ടും തുറിച്ചു നോക്കുന്ന കണ്ണുകൾ

ഞാനാ കുമാരൻ മാഷ്. പഴയ മുൻസിപ്പൽ ചെയർമാൻ.

എന്തേ ആരും പരിചയം കാണിക്കാത്തത്.

ഒരു മനുഷ്യൻ ഇത്ര പെട്ടെന്ന് അപരിചിതനാകുമോ?

ആളുകൾക്കെല്ലാം സുമതിയേപ്പോലെ മറവി രോഗമാണെന്ന് തോന്നുന്നു.

ആൾക്കൂട്ടത്തിനിടയിലൂടെ ആരോ വരുന്നു. നല്ല പരിചയം. സുമതിയല്ലേ ഇത്.

വയ്യാത്ത ആളെങ്ങനെ ഇവിടെ കൃത്യമായി. അവൾ പരിഭ്രമിച്ചിരിക്കുന്നു. ചോദ്യമൊന്നും വേണ്ട.

കൈ പിടിച്ചിറങ്ങവെ തിരിഞ്ഞു നോക്കി.

ഇലഞ്ഞി മരം ചിരിക്കുന്നു.

എന്തോ, ഇലഞ്ഞി മരത്തിനു മാത്രമേ ഇവിടെ ഓർമ്മകളുള്ളൂ എന്ന് തോന്നുന്നു.